പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1516 02.07.2015 ലെ മറുപടിയ്ക്ക്

## ദേശീയ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ പങ്കാളിത്തം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ<br>(തൃക്കരിപ്പൂർ) | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ട തൊഴിലാളികളെ പങ്കെടുപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; ഇത് സംബന്ധിച്ച് കേന്ദ്രസർക്കാർ എന്തെങ്കിലും ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ? | (എ) കൃഷി വകുപ്പിന്റെ വിവിധ പദ്ധതി നിർവ്വഹണത്തിൽ (ഉദാ: തരിശുനില കൃഷി) നിലമൊരുക്കൽ/കൃഷി സ്ഥലം തയ്യാറാക്കുന്നതിന് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളെ പങ്കെടുപ്പിക്കുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ഒരു ജില്ലയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ ഏറ്റവും കുറഞ്ഞത് 60 ശതമാനം തുകയുള്ള പ്രവൃത്തികളെങ്കിലും കാർഷിക/കാർഷികാനുബന്ധ മേഖലയുമായി നേരിട്ട് ബന്ധപ്പെട്ട ഉല്പാദനക്ഷമമായ ആസ്തികളുടെ നിർമ്മാണത്തിന് ഉപയോഗിക്കണമെന്ന് കേന്ദ്ര സർക്കാർ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, ആവർത്തന സ്വഭാവമുള്ള കൃഷിപ്പണികൾ പദ്ധതിയിലേറ്റെടുക്കുന്നത് നിയമം മൂലം നിരോധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ, തൊഴിലുറപ്പ് പദ്ധതി കൃഷി/അനുബന്ധ വകുപ്പുകളുടെ പദ്ധതികളുമായി സമന്വയിപ്പിച്ച് ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷമവുമായ ആസ്തികളുടെ നിർമ്മാണത്തിന് സഹായകരമായ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് സർക്കാർ ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കർഷകരുടെ ഭൂമിയിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ 24-07-2009-ലെ എസ്.ഒ 2202(ഇ) നമ്പർ വിജ്ഞാപനം, ഗ്രാമവികസന കമ്മീഷണറുടെ 12-10-2009-ലെ 22532/ എൻ.ആർ.ഇ.ജി.സെൽ 2/09/സി.ആർ.ഡി നമ്പർ സർക്കുലർ എന്നിവയെ അടിസ്ഥാനമാക്കി തദ്ദേശസ്വയം ഭരണ വകുപ്പ് 14-12-2011-ൽ 65108/ഡി.ഡി2/2011/ തസ്വഭവ നമ്പരായി പുറപ്പെടുവിച്ച സർക്കുലർ പ്രകാരം ജലസംരക്ഷണത്തിനും, ഭൂവികസനത്തിനും വരൾച്ചാനിവാരണത്തിനുമാണ് പ്രാഥമിക പരിഗണന നൽകുന്നത്. കാർഷിക മേഖലയുടെ വികസനത്തിനും പരിസ്ഥിതി പുനരുജ്ജീവനത്തിനുമായി ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ താഴെപ്പറയുന്നവയാണ്. |

**പൊതുഭൂമികളിൽ**

1. ജലസംരക്ഷണവും മഴക്കൊയ്ത്തും
2. വനസംരക്ഷണവും മരം വച്ച് പിടിപ്പിക്കലും അതുവഴി വരൾച്ച തടയലും
3. ജലസേചനത്തോടുകൾ ഉൾപ്പെടെയുള്ള ചെറുകിട ജലസേചന പദ്ധതികൾ
4. കുളങ്ങൾ വൃത്തിയാക്കൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനർനിർമ്മാണം
5. ഭൂവികസനം
6. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ വെള്ളപ്പൊക്കനിയന്ത്രണവും മറ്റ് സംരക്ഷണ പ്രവർത്തനങ്ങളും.

**സ്വകാര്യ ഭൂമികളിൽ**

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ, ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താക്കൾ, ഇന്ദിര ആവാസ് യോജനാ പദ്ധതി ഗുണഭോക്താക്കൾ, 2008-ലെ കാർഷിക കടാശ്വാസ പദ്ധതിയിൽ നിർവചിച്ച പ്രകാരമുള്ള ചെറുകിട-നാമമാത്ര കർഷകർ, മറ്റ് പരമ്പരാഗത വനവാസികൾ എന്നിവരുടെ സ്വകാര്യഭൂമിയിൽ തൊഴിലുറപ്പ് പദ്ധതിയിൽ താഴെ നിർദ്ദേശിക്കുന്ന പ്രകാരമുള്ള പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്.

**ജലസേചന സൗകര്യം**

കിണറുകളുടെയും കുളങ്ങളുടെയും നിർമ്മാണവും റീച്ചാർജ്ജ് പ്രവർത്തനങ്ങളും

**പഴം-പച്ചക്കറി കൃഷി**

നിലം ഒരുക്കൽ/തടം എടുക്കൽ

**ഭൂവികസനം**

കയ്യാല നിർമ്മാണം, ജൈവവേലി/പുല്ല് വച്ച് പിടിപ്പിക്കൽ, തെങ്ങിൻ തടം തുറക്കൽ, പുതയിടീൽ, മണ്ണ് കൂനകൂട്ടൽ

**തോട്ടകൃഷി**

ഭൂവികസനം, കോണ്ടൂർ ബണ്ടിംഗ്, നിലം ഒരുക്കൽ, തട്ടുതിരിക്കൽ, നീർച്ചാൽ/മഴക്കുഴി നിർമ്മാണം

**സെക്ഷൻ ഓഫീസർ**